ക്രമത്തിൽ നടപ്പിലാക്കാവുന്ന പരിപാടികൾക്ക് വിശദമായ എസ്റ്റിമേറ്റും ഡിസൈനും തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ സ്ഥലത്തിന്റെ ലഭ്യത കൂടി ഉറപ്പ് വരുത്തേണ്ടതുണ്ട്.

(ബി) കുട്ടികൾക്കായുള്ള ട്രെയിനിന്റെ പദ്ധതി ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇതിനു വേണ്ട പദ്ധതികൾ സമർപ്പിക്കേണ്ടത്.

127 (1730) കായംകുളം ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കായംകുളം ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇനിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസനപദ്ധതികൾ എന്തൊക്കൊയെന്ന് വ്യക്തമാക്കുമോ;

(സി) കായംകുളം വാട്ടർസൈഡ് അമിനിറ്റീസ് കേന്ദ്രം നിശ്ചിതകാലത്തിനുളളിൽ പണി പൂർത്തിയാക്കത്തതിന്റെ കാരണം വിശദമാക്കുമോ; എന്നത്തേക്ക് പണി പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം കായകുളം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ ഒരു 'വാട്ടർസൈഡ്' അമിനിറ്റി യുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) മറ്റ് പുതിയ പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) വാട്ടർസൈഡ് അമിനിറ്റിക്കാവശ്യമായ, സ്ഥലം ഫിഷറീസ് വകുപ്പിൽനിന്നും കൈമാറികിട്ടിയതാണ്. ഈ സ്ഥലത്ത് ഫിഷറീസ് വകുപ്പിന്റെ ഒരു ഓഫീസ് പ്രവർത്തിച്ചിരുന്നു. പദ്ധതിയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഈ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ ഓഫീസ് കെട്ടിടം ഫിഷറീസ് വകുപ്പിനുവേണ്ടി നിർമ്മിച്ചു. എന്നാൽ അവരുടെ ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് ഇതുവരെ മാറിയിട്ടില്ല. ഇതാണ് പദ്ധതിയുടെ കാലതാമസത്തിനുള്ള കാരണം. പദ്ധതി 2000-മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

128 (1731) കൊല്ലം ഡി.ടി.പി.സി സെക്രട്ടറി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡി.ടി.പി.സി സെക്രട്ടറി തസ്തികയിൽ ഇപ്പോൾ ജോലി നോക്കുന്ന വ്യക്തി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിച്ച സർക്കാർ ഉദ്യോഗസ്ഥനാണോ;

1062/2010.

LIBRARY ARCHIVES Kerala Legislative Assembly